# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

**അക്കാദമിക മികവാണ് വിദ്യാലയ മികവ്**

**കൈലമഠം എ.എം.എൽ.പി. സ്കൂൾ**

**പന്തീരാങ്കാവ്**

Scanned with OKEN Scanner

# ആമുഖം

പന്തീരാങ്കാവിന്റെ ഹൃദയഭാഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കൈലമഠം എ.എം.എൽ.പി. സ്കൂൾ മികവുറ്റ പ്രവർത്തനങ്ങളാൽ ജനശ്രദ്ധയാകർഷിച്ച പൊതുവിദ്യാലയമാണ്. 101 വർഷങ്ങൾ പിന്നിടുമ്പോൾ പഠനനിലവാരംകൊണ്ടും പ്രവർത്തനമികവുകൊണ്ട് ജനഹൃദയങ്ങളിൽ ഇടംപിടിക്കാൻ സ്കൂളിന് സാധിച്ചത് അഭിമാനകരമായ നേട്ടമാണ്. കൈലമഠം എ.എം.എൽ.പി. സ്കൂളിനെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ തന്നെ നിലനിർത്തുന്നതിനാവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിന് വേണ്ടിയാണ് ഇത്തരത്തിലൊരു അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും  കുട്ടികളുടെ ശാരീരിക, മാനസിക വളർച്ചക്ക് സഹായകരമാകുന്ന രീതിയിലാണ് ഈ പദ്ധതികൾ രൂപ കൽപന ചെയ്തിരിക്കുന്നത്.

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനും, എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസവും ഉറപ്പാക്കുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാനലക്ഷ്യം. കൈലമഠം എ.എം.എൽ.പി. സ്കൂളിനെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് വഴികാട്ടിയാവുമെന്നുറപ്പാണ്. എല്ലാ പ്രവർത്തനങ്ങളും, പദ്ധതികളും ഉത്തരവാദിത്വത്തോടെ ഏറ്റെടുക്കുന്ന കൈലമഠം എ.എം.എൽ.പി. സ്കൂളിലെ സജീവമായ പി.ടി.എ, എം.പി.ടി.എ, മാനേജർ, അധ്യാപകർ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവരുടെ പൂർണ സഹകരണത്തോടെ ഈ അക്കാദമിക വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന കാഴ്ചപാടോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്ന് തെളിയിക്കുന്നതിനും, ഓരോ കുട്ടിയുടെയും സമഗ്രപുരോഗതിയും ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുമെന്ന ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

Scanned with OKEN Scanner

# സ്കൂൾ ലഘുചരിത്രം

1924 ൽ സാമൂഹ്യപരിഷ്ക്കർത്താവായ വള്ളുവർതൊടി ആലിമൊല്ലയാൽ സ്ഥാപിതമായ കൈലമഠം എ.എം.എൽ.പി. സ്കൂൾ വിദ്യാഭ്യാസരംഗത്ത് സുസ്ഥിരമായ പലപ്രവർത്തനങ്ങളും കാഴ്ച വെച്ചിട്ടുണ്ട്. 1992 ൽ അടച്ചുപൂട്ടൽ ഭീഷണിയിൽ നീങ്ങിക്കൊണ്ടിരുന്ന സ്കൂൾ മാനേജറും സ്കൂൾ അധ്യാപകനും കൂടിയായ സൈതലവി മാസ്റ്ററുടെയും സഹധ്യാപകരുടെയും ഹെഡ്മാസ്റ്ററുടെയും മികവുറ്റ പ്രവർത്തനങ്ങളുടെ ഫലമായി 14 ക്ലാസ് മുറികളും 400 ൽ കൂടുതൽ കുട്ടികളും ആയി കഴിഞ്ഞു.

പ്രവർത്തനാധിഷ്ഠിത പാഠ്യപദ്ധതിയുടെ ഭാഗമായി ആധുനിക സൗകര്യങ്ങളോടുകൂടിയ നവീകരിച്ച കമ്പ്യൂട്ടർ ലാബ് 2008 ൽ നിലവിൽ വന്നു. ഈ വർഷങ്ങളിൽ ഇവിടത്തെ പി.ടി.എ, എം.പി.ടി.എ, സി.പി.ടി.എ,എസ്.എസ്.ജി അധ്യാപകർ, മാനേജ്മെന്റ് എന്നിവരുടെ കൂട്ടായ സഹകരണവും സജീവമായ ഇടപെടലും കാരണം പല പ്രവർത്തനങ്ങളിലും ഇന്നും ഞങ്ങൾക്ക് മറ്റ് സ്കൂളുകളെ അപേക്ഷിച്ച് ഉന്നത നിലവാരം കാഴ്ച വെക്കാൻ സാധ്യമായിട്ടുണ്ട്. പിന്നോക്കം നിൽക്കുന്നവർക്കും പ്രത്യേകം പരിഗണന ആവശ്യമുള്ളവർക്കും അവർക്കുവേണ്ട സഹായങ്ങളും പരിഹാര ബോധന ക്ലാസ്സുകളും നടത്താറുണ്ട്. സമ്പൂർണ്ണ ശുചിത്വത്തിന്റെ ഭാഗമായി ശുചിത്വ പോലീസ് ഞങ്ങൾക്കുണ്ട്. കുട്ടികളുടെ കലാകായിക ശേഷികളെ പ്രോത്സാഹിപ്പിക്കുന്ന എല്ലാ പരിപാടികളും ഞങ്ങൾ പങ്കാളികളാകാറുണ്ട്. സമ്പൂർണ്ണ ശുചിത്വവും പോഷക സമൃദ്ധമായ ഉച്ച ഭക്ഷണവും വർഷങ്ങളായി ഞങ്ങൾ നടപ്പാക്കി വരുന്നുണ്ട്. 2010 ജൈവവൈവിധ്യ വർഷവുമായി ബന്ധപ്പെടുത്തി ഒട്ടനവധി പ്രവർത്തനങ്ങൾ കാഴ്ച വെച്ചിട്ടുണ്ട്. വായനാശീലം വളർത്തുന്നതിന് ഞങ്ങൾ വായനപ്പുര തന്നെ നിർമ്മിച്ചു. ദിനാചരണവുമായി ബന്ധപ്പെട്ട ധാരാളം പ്രവർത്തനങ്ങൾ കാഴ്ച വെച്ച കൂട്ടത്തിൽ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് നടത്തിയ മതമൈത്രി യാത്ര, ബഷീർ ദിനത്തോടനുബന്ധിച്ച് ബഷീർ കഥാപാത്രങ്ങൾ ചിങ്ങം ഒന്ന് കർഷകദിനത്തോടനുബന്ധിച്ച് നാടിന് ഉത്സവം തുടങ്ങിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. കൈലമഠം സ്കൂളിന്റെ ചരിത്ര സി.ഡി. സംസ്ഥാന തലത്തിൽ തന്നെ ശ്രദ്ധ നേടിയ ഒന്നാണ്. സ്മാർട് ക്ലാസ്സ് റൂം, ഓഡിയോ വിഷ്വൽ ക്ലാസ് റൂം, സി.സി.ടി.വി. മിന്നൽ രക്ഷാ കവചം, ജൈവ പച്ചക്കറിത്തോട്ടം, ഇതൊക്കെ സ്കൂളിന്റെ മേന്മയാണ്.

കുട്ടികളിലെ ജനറൽ നോളജ് വർധിപ്പിക്കാൻ അറിവിന്റെ ലോകം പരിപാടി, ഇംഗ്ലീഷ് ഭാഷയിൽ കൂടുതൽ പ്രാവീണ്യം നേടാൻ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്, എൽ.എസ്.എസ് ന് പ്രത്യേകം കോച്ചിംഗ്, പിന്നോക്കക്കാർക്ക് വേണ്ടി മലയാളത്തിളക്കം (ആരും പിന്നിലല്ല) അക്ഷരത്തോണി മുന്നോക്കക്കാർക്ക് വേണ്ടി മലയാളത്തുമ്പി, ഗണിത ശേഷി വികസിപ്പിക്കുന്നതിന് പ്രത്യേകം ക്ലാസുകൾ, കുട്ടികളിൽ കായിക കലാശേഷി വളർത്തുന്നതിനുള്ള വിവിധ മത്സരങ്ങൾ കൂടാതെ സബ്ജില്ലാ ജില്ലാ ശാസ്ത്രമേളയിലും കലാമേളയിലും നല്ല നിലവാരം പുലർത്തുകയും ഗണിത ശാസ്ത്രമേളയിൽ ഓവറോളും പ്രവൃത്തി പരിചയമേളയിൽ രണ്ടാം



Scanned with OKEN Scanner

സ്ഥാനവും ഓവറോളും 2017 – 2018 വർഷത്തിൽ നേടാൻ കഴിഞ്ഞു. കൂടാതെ അറബിക് സാഹിത്യോത്സവത്തിലും മികച്ച വിജയം കാഴ്ചവെക്കാൻ കഴിഞ്ഞിട്ടുണ്ട്.

കുട്ടികളിലെ വിവിധ കഴിവുകൾ കണ്ടെത്തുന്നതിന് ചിത്രരചനാ ക്യാമ്പുകൾ, ഒറിഗാമി ക്ലാസുകൾ, വിവിധ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തൽ, വിവിധ മേഖലകളിലെ പ്രതിഭകളെ കണ്ടെത്തി ആദരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ ഫെസ്റ്റും ഗണിതത്തിന് പ്രത്യേക ക്ലാസ്സുകളും കൂടാതെ ഭാഷാ ക്ലബ്ബ് ഇംഗ്ലീഷ് ക്ലബ്ബ്, ഗണിത ക്ലബ്ബ് തുടങ്ങിയ ക്ലബ്ബുകളും മികച്ച രീതിയിൽ പ്രവർത്തിച്ച് കുട്ടികളിലെ വിവിധ കഴിവുകൾ കണ്ടെത്തി വരുന്നുണ്ട്.

വായനാ പരിപോഷണത്തിന്റെ ഭാഗമായും ബി.ആർ.സി യിൽ നിന്നുള്ള നിർദ്ദേശമനുസരിച്ചും കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി "മുകളം" പുസ്തകപ്രകാശനം നടത്തിയത് ഏറെ ശ്രദ്ധേയമായിരുന്നു. "ഇത്തിരി വിത്തിൽ ഒത്തിരി കാര്യം" എന്ന പേരിൽ തുടങ്ങിയ ജൈവ പച്ചക്കറിത്തോട്ടം [illegible] ഏറെ ജനശ്രദ്ധയാകർഷിച്ചതും വാർത്താ മാധ്യമങ്ങളിൽ ഇടംപിടിച്ചതുമായ ഒരു പരിപാടിയാണ്. പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ജൈവപച്ചക്കറിത്തോട്ടംകൊണ്ട് ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സ്ഥല പരിമിതിയുണ്ടായിട്ടും ഒരു പച്ചക്കറിതോട്ടം സ്ഥാപിക്കാനും വാർത്താമാധ്യമങ്ങളിൽ സ്ഥാനം നേടാൻ സാധിക്കും വിധം അതിനെ പരിപാലിക്കാൻ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടേയും അധ്യാപകരുടേയും നിസ്വാർത്ഥമായ പ്രവർത്തനങ്ങൾകൊണ്ട് സാധിച്ചു.

മറ്റു സ്കൂളുകളിൽ നിന്ന് വ്യത്യസ്തമായി കുട്ടികളെ കാലാവസ്ഥ വ്യതിയാന പ്രതിഭാസങ്ങളിൽ നിന്നും സ്കൂളിനെ (ഇടി, മിന്നൽ) സംരക്ഷിക്കാൻ മിന്നൽ രക്ഷാചാലകവും സ്കൂളിന്റെ ആധുനിക സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സി.സി.ടി.വി യും ഞങ്ങളുടെ സ്കൂൾ മാനേജർ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്.

ഇനിയും സ്കൂളിന്റെ അക്കാദമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുംവിധം ഐ.സി.ടി മേഖലയിലും കാമ്പസ് ഒരു പാഠപുസ്തകം എന്ന നിലയിലും കുട്ടികളുടെ വിവിധ ടാലന്റുകൾ തിരിച്ചറിയുന്നതിന് വിവിധ തരം ടാലന്റ് ലാബുകളും (നീന്തൽ, തയ്യൽ, സൈക്ലിംഗ്) നടപ്പിൽ വരുത്താൻ ഞങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്.

എല്ലാ വർഷവും വിവിധ മേഖലകളിൽ ഉന്നതവിജയംകൈവരിക്കുന്ന സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾക്ക് കൈലമഠം മെറിറ്റ് അവാർഡുകൾ നൽകി വരുന്നുണ്ട്. എൽ.എസ്.എസ്. പരീക്ഷയിൽ എല്ലാ വർഷങ്ങളിലും മികച്ച വിജയം കൈവരിക്കാൻ സ്കൂളിന് സാധിക്കുന്നുണ്ട്. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ തന്നെ സ്കൂളിൽ നടന്നു വരുന്നു. പഠനനിലവാരത്തിൽ കൈലമഠം എ.എം.എൽ.പി. സ്കൂൾ പൊതുസമൂഹത്തിൽ ഇടംപിടിച്ചു എന്നത് അഭിമാനകരമായ നേട്ടമായി തന്നെ തുടരുന്നു.

.......................................

Scanned with OKEN Scanner

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | കൈലമഠം എ.എം.എൽ.പി |
| മേൽവിലാസം | : | പന്തീരാങ്കാവ്, കോഴിക്കോട് |
| ഫോൺ | : | 9497167083 |
| സ്കൂൾ കോഡ് | : | 17326 |
| വിദ്യാഭ്യാസ ഉപജില്ല | : | കോഴിക്കോട് റൂറൽ |
| വിദ്യാഭ്യാസ ജില്ല | : | കോഴിക്കോട് |
| ബി ആർ സി | : | ഫറോക്ക് |
| സി.ആർ.സി | : | കൊടൽനടക്കാവ് |
| ഗ്രാമപഞ്ചായത്ത് | : | ഒളവണ്ണ |
| ബ്ലോക്ക് പഞ്ചായത്ത് | : | കോഴിക്കോട് |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| നിയമസഭാമണ്ഡലം | : | കുന്ദമംഗലം |
| ലോകസഭാമണ്ഡലം | : | കോഴിക്കോട് |
| താലൂക്ക് | : | കോഴിക്കോട് |
| വില്ലേജ് | : | പന്തീരാങ്കാവ് |
| ഇ മെയിൽ വിലാസം | : | amlpskailamadam@gmail.com |
| ഇൻസ്റ്റഗ്രാം | : | amlps_kailamadam |

Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
7. ക്ലാസ്സ് തല വായന മൂല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

Scanned with OKEN Scanner

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

Scanned with OKEN Scanner

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക .
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

Scanned with OKEN Scanner

# വിലയിരുത്തൽ, രേഖപ്പെടുത്തൽ, അക്കാദമിക മോണിറ്ററിങ്

---

## അക്കാദമിക് മോണിറ്ററിംഗ് (Academic Monitoring)

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബോധമായതല്ല, കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനവും പിന്തുണയും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- വിദ്യാലയങ്ങളിൽ **HELP 2025** പ്രകാരമുള്ള പഠനപദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
- ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.

### പ്രവർത്തന ഘട്ടങ്ങൾ:

- തീയതി നിശ്ചയിച്ച സന്ദർശനം:
    - ഡയറ്റ്, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും. **HELP 2025** ഹാൻഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.
- മോണിറ്ററിംഗ് ഉപാധികൾ:
    - **UNIT WISE MONITORING FORMAT:** ഒന്നാം ഭാഗം: പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ.
    - **PORTFOLIO EVIDENCE:** കുട്ടികളുടെ പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, വിലയിരുത്തൽ രേഖകൾ.
    - **NOTEBOOK ENTRY CHECKLIST:** ക്ലാസ്സിലെ റിവ്യൂ, ഓൺ-ദ-സ്പോട്ട് വിലയിരുത്തൽ.
    - **OBSERVATION TOOL:** കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.

Scanned with OKEN Scanner

- ഉദ്യോഗസ്ഥരുടെ ചുമതലകൾ:
    - **SCERT/DIET** ഫാക്കൽറ്റി അംഗങ്ങൾ: വിലയിരുത്തലിന്റെ ശാസ്ത്രീയത ഉറപ്പാക്കുക.
    - **DIET PRINCIPAL:** ജില്ലാതല മാർഗ്ഗനിർദ്ദേശം.
    - **DDE, DEO, AEO:** സ്കൂൾ തല ചിട്ടവ്യവസ്ഥയും അധ്യാപക-പിന്തുണയും.
    - **DPC, BPC:** പദ്ധതി നടപ്പാക്കലിന്റെ കൃത്യതയും ഉപരിതല സഹായങ്ങളും.
    - വിദ്യാകിരണം മിഷൻ കോർഡിനേറ്റർ: ഡോക്യുമെന്റേഷൻ, ഡിജിറ്റൽ രേഖകൾ.
- പ്രതിവാര അവലോകനം:
    - സന്ദർശനം, കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ ആസൂത്രണം, ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്.
    - ബ്ലോക്ക്/ജില്ലാതല അവലോകന യോഗങ്ങൾ മുഖേന സംവേദനം.

വിലയിരുത്തൽ:

- **HELP 2025** പ്രകാരം ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.
- കുട്ടികളുടെ പ്രതികരണങ്ങൾ, പാഠ ലഘുചിത്രങ്ങൾ, പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.
- അധ്യാപകരുടെ ടെസ്റ്റ് ബുക്ക്, ഡയറികൾ, യഥാസമയം എഴുതി വച്ച ആസൂത്രണങ്ങൾ പരിശോധിക്കുക.
- റീഡേഴ്സ് തിയേറ്റർ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം, സാമൂഹ്യ-ഭാഷാവികാസം തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.
- അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നൽകുക.

---

## വികാസപ്രദ വിലയിരുത്തൽ (Formative Assessment)

വികാസപ്രദ വിലയിരുത്തൽ **(Formative Assessment)** എന്നത് പാഠപ്രക്രിയയിൽ ഉൾനിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ്. പാഠത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചാകേന്ദ്രമാണ് ഇത്. കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയവിനിമയം, ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ. **KCF 2023** ന്റെ അടിസ്ഥാനത്തിൽ പാഠത്തിലേക്കുള്ള പ്രക്രിയാഗത വളർച്ചക്കായാണ് വിലയിരുത്തലിന്റെ മുഖ്യശ്രമി.

പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ പാഠപ്രവൃത്തിയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക.
- തത്സമയത്തിൽ കുട്ടിയുടെ പാഠ പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക.
- വൈവിധ്യമാർന്ന പാഠ രീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക.
- അധ്യാപകർക്ക് അവരുടെ പാഠനടപടികൾ വിലയിരുത്താനും, മെച്ചപ്പെടുത്താനും സഹായിക്കുക.
- പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി കുട്ടിയുടെ അതിജീവനവൈവിധ്യങ്ങൾ ഉൾപ്പെടുത്തുക.

പ്രവർത്തന ഘട്ടങ്ങൾ:

Scanned with OKEN Scanner

- പഠനപ്രക്രിയ വിലയിരുത്തൽ:
    - പ്രവർത്തന പങ്കാളിത്തം:
        - പ്രവർത്തനം ഏറ്റെടുത്തു?
        - ഗ്രൂപ്പിൽ പ്രവർത്തിച്ചു?
        - ആശയങ്ങൾ പങ്കുവെച്ചു?
    - ആശയധാരണ:
        - ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു?
        - അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?
- പ്രക്രിയാശേഷി വിലയിരുത്തൽ:
    - മുൻധാരണകൾ എന്തെല്ലാമായിരുന്നു?
    - പുതിയ പ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചോ?
- പ്രകടനം / അവതരണം:
    - ഗ്രൂപ്പ് പ്രവർത്തനത്തിനു ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു?
    - താൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവമായി വിശദീകരിച്ചു?
- രേഖപ്പെടുത്തൽ:
    - പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നു?
    - അതിനുള്ള ആകൃതിയും അതിന്റെ അടക്കം, മനസ്സിലാക്കാവുന്ന വിധത്തിലുള്ള അവതരണമാണ്?
    - ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സാധ്യതായ രേഖകൾ നൽകിയിട്ടുണ്ടോ?

## വിലയിരുത്തൽ മാർഗ്ഗങ്ങൾ:

- നിരീക്ഷണം (Observation):
    - അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ, ചെക്ക് ലിസ്റ്റ്.
- അഭിമുഖം (Interview):
    - കുട്ടിയുമായുള്ള സൗഹൃദപരമായ സംവാദം.
- റേറ്റിംഗ് സ്കെയിൽ:
    - പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ 1 മുതൽ 5 വരെ സ്കോർ ചെയ്യുക.
- കേസ്സ്റ്റഡി / സ്കെച്ചുകൾ / ഡയറി നോട്ടുകൾ:
    - വ്യക്തിഗത പഠനത്തിലെ പുതിയ വഴികൾ അടയാളപ്പെടുത്തുക.
- സ്വയം വിലയിരുത്തൽ ഫോറങ്ങൾ:
    - കുട്ടി സ്വയം തന്റെ വളർച്ചയെക്കുറിച്ച് രേഖപ്പെടുത്തുന്നത്.

## പോർട്ട്ഫോളിയോ വിലയിരുത്തൽ:

- പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട്ഫോളിയോ രൂപത്തിൽ നിക്ഷേപിക്കുക.

Scanned with OKEN Scanner

- ക്ലാസ് PTA യോഗങ്ങളിൽ പോർട്ട്ഫോളിയോ മാതാപിതാക്കൾക്ക് കാണിച്ചുകൊടുക്കുക.
- **HELP 2025** ക്ലാസ് ഹാൻഡ്ബുക്കിലെ യൂണിറ്റ് വിലയിരുത്തലുകളുമായി യോജിപ്പിക്കുക.

**KCF 2023 നിർദ്ദേശങ്ങൾ അനുസരിച്ച്:**

- വിലയിരുത്തൽ രീതികൾ കുട്ടിയുടെ മനോഭാവം, തനിമ, പ്രത്യേകതകൾ, അഭിരുചികൾ എന്നിവ ഉൾപ്പെടുത്തണം.
- ഭിന്നശേഷിക്കാരായ കുട്ടികൾക്കും എളുപ്പത്തിൽ അടുക്കാവുന്ന രീതിയിൽ ഉണ്ടായിരിക്കണം.
- വിലയിരുത്തലിന് കൃത്യതയും സംവേദ്യതയും ഉണ്ടാകണം.
- തത്സമയത്തിൽ നടത്തപ്പെടുന്ന വിലയിരുത്തലുകൾ വിദ്യാർത്ഥിയിലും അധ്യാപകനിലും തിരിച്ചറിവുകൾ സൃഷ്ടിക്കണം.

---

**HELP 2025** ഹാൻഡ്ബുക്കും, സമഗ്ര പുരോഗതി രേഖയും, പ്രവർത്തന വിഭാഗങ്ങൾക്കായുള്ള ക്ലാസ് രീതി, പ്രതിദിന ആസൂത്രണം എന്നിവയുമായി സംയോജിപ്പിച്ച് പഠന മാറ്റങ്ങൾ ഉണ്ടാകുന്നതിനുള്ള അധ്യാപക പിന്തുണയും, ആധികാരിക മേൽനോട്ടവും ഉറപ്പാക്കേണ്ടത് വിദ്യാഭ്യാസ സംവിധാനത്തിന്റെ ഉത്തരവാദിത്തമാണ്.

---

# സമഗ്ര പുരോഗതി രേഖ (Holistic Progress Card)

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും, തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതൊരു പരീക്ഷാ മാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസികസ്ഥിതികൾ, ശാരീരികക്ഷമത തുടങ്ങിയവയെ സമാനമായി വിലമതിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

## പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.
- ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
- അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക.
- തുടർച്ചയായ അധ്യയനത്തിന് ശാസ്ത്രീയത നൽകുക.
- പാഠപദ്ധതികൾ, പഠനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.

## പ്രവർത്തന ഘട്ടങ്ങൾ:

- രേഖയുടെ രൂപരേഖ തയ്യാറാക്കൽ:
  - പ്രധാന മേഖലകൾ:
    - വൈജ്ഞാനികം (Academic)
    - വൈകാരികം (Emotional)
    - സാമൂഹികം (Social)
    - ശാരീരികം (Physical)
    - മാനസികം (Mental)
    - ആചരണപൂർണ്ണത / മൂല്യബോധം
    - ആശയവിനിമയക്ഷമത
    - സഹപാഠികളുമായുള്ള ഇടപെടൽ / സഹകരണം
- വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണ്ണയിക്കൽ:
  - ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ.
  - അധ്യാപക കമന്റുകൾ / PTA വിലയിരുത്തൽ.
  - ക്ലാസ്സ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, അർഹതകൾ.
- കാലക്രമാനുസൃതമായി രേഖപ്പെടുത്തൽ:
  - മാസപരവും പാഠപരവും ആയി നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക.
  - കുട്ടിയുടെ സ്വഭാവ വ്യത്യാസങ്ങൾ, വളർച്ചാനടവുകൾ എന്നിവ ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക.
- പുതിയ ക്ലാസിലേക്ക് കൈമാറ്റം:

Scanned with OKEN Scanner

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം : 1
പേര് : **പുസ്തകം എന്റെ ചങ്ങാതി**
ഉപമേഖല വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | [redacted] | 1000 |

പ്രവർത്തനം : 2
പേര് : **എന്റെ പിറന്നാൾ പുസ്തകം**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : **ഉച്ചഭാഷിണി വായന**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

Scanned with OKEN Scanner

പ്രവർത്തനം : 4

പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക<br><br>റീഡേഴ്സ് തിയേറ്റർ | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു.<br><br>ക്ലാസ്സ്റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി<br><br>ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 5

പേര് : സ്കൂൾ ലൈബ്രറി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ.<br>സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ.<br><br>പ്രാദേശിക ക്ലബ്ബുകൾ | 5000 |

പ്രവർത്തനം : 6

പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

Scanned with OKEN Scanner

പ്രവർത്തനം : 7

പേര് : **ക്ലാസ്സ് തല പതിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 |

പ്രവർത്തനം : 8

പേര് : **എന്റെ വായനാ കുറിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 9

പേര് : **കയ്യെഴുത്തു മാസികകൾ ,പ്രിന്റഡ് മാഗസിൻ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും<br>പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്നു | വിദ്യാരംഗം ഭാഷാക്ലബ്ബ്<br>പരസ്യം വഴി ഫണ്ടിംഗ് | 15000 |

Scanned with OKEN Scanner

പ്രവർത്തനം : 10

പേര് : രചനോത്സവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | 2000 |

പ്രവർത്തനം : 11

പേര് : സർഗ്ഗവേള

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 12

പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക

ഉപമേഖല : ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | നിഷാന , ഖൈറുന്നിസ , സ്വാലിഹ ,ആനന്ദൻ | 3000 |

Scanned with OKEN Scanner

പ്രവർത്തനം : 13
പേര് : *പാട്ടരങ്ങ്*
ഉപമേഖല : *ഭാഷാ സമൃദ്ധി*

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം ഘടിപ്പിക്കുന്നു. രാഗ-താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ് ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : **14**
പേര് : **നാട്ടുവിശേഷം കൂട്ടെഴുത്ത്**
ഉപമേഖല : **ലേഖനാവിഭാവനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്തിലെനൈപുണ്യം, സമഗ്ര ചിന്താശേഷി, ദേശിയവിവേകബോധം എന്നിവ വികസിപ്പിക്കുക. | കുട്ടികളുടെ നാട്ടുപരിചയത്തെ ആസ്പദമാക്കി കൂട്ടായി ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെക്കാനും ആലോചനകൾ എഴുതാനും അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബ്കൾ | 5000 |

പ്രവർത്തനം : **15**
പേര് : **റീഡേഴ്സ് തിയേറ്റർ**
ഉപമേഖല : **വായനാവളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാതാൽപര്യവും അഭിനയം വഴി വ്യക്തിത്വവികസനവുമാണ് പ്രധാന ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാനായകർ, സംഭാഷണശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

Scanned with OKEN Scanner

പ്രവർത്തനം : 16

പേര് : ഭാഷോത്സവം

ഉപമേഖല : ഭാഷാ കാഴ്ചവത്ക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക, ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക. | ഭാഷാ പ്രസംഗം, കഥപറയൽ, കവിതാപാരായണം, കോലജുകൾ, ഭാഷാ പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം . | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ് ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 17

പേര് : അരങ്ങത്തേക്ക്

ഉപമേഖല : അവതരണശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയമറിയിക്കാൻ സഹായിക്കുക. | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ, സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബ്കൾ | 5000 |

Scanned with OKEN Scanner

# ഇംഗ്ലീഷ്

പ്രവർത്തനം : 1
പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 2
പേര് : ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

Scanned with OKEN Scanner

പ്രവർത്തനം : 4
പേര് : Reading Card Work Shop
ഉപമേഖല : വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംങ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

പ്രവർത്തനം : 5
പേര് : Work Sheet Work Shop
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്.ആർ.ജി. | 4000 |

Scanned with OKEN Scanner

# അറബിക്

പ്രവർത്തനം : 1

പേര് : **ലോക ഭാഷ -അറബി ഭാഷ**

ഉപമേഖല : **അടിസ്ഥാന ശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | രണ്ടുമാസം | അറബി ടീച്ചർ | |

പ്രവർത്തനം : 2

പേര് : **അറബി വായനോത്സവം**

ഉപമേഖല : **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | • വായനാ മത്സരം<br>ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായനാകുറിപ്പുകൾ<br>• അറബിക് പത്രവായന/റേഡിയോ | ജൂൺ - മാർച്ച് | അറബി ടീച്ചർ | |

പ്രവർത്തനം : 3

പേര് : **അറബി രചനോത്സവം**

ഉപമേഖല : **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് | • പതിപ്പുകളുടെ നിർമാണം<br>• വായനാകുറിപ്പ് ശേഖരണം<br>• ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷാകളികൾ | ജൂൺ - മാർച്ച് | അറബി ടീച്ചർ | 2000 |

Scanned with OKEN Scanner

# ഗണിതം

പ്രവർത്തനം : 1
പേര് : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല
ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | 4000 |

പ്രവർത്തനം : 2
പേര് : ഗണിതലാബ് (ഗണിതമധുരം)
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2023-24 | സ്കൂൾ മാനേജ്മെന്റ് | 15000 |

പ്രവർത്തനം : 3
പേര് : ഗണിതമൂല
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

Scanned with OKEN Scanner

പ്രവർത്തനം : 4
പേര് : യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 5
പേര് : ഗണിതക്ലാസ് പി. ടി. എ.
ഉപമേഖല : സി. പി. ടി. എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 6
പേര് : ഗണിതം മധുരം
ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

Scanned with OKEN Scanner

# പരിസര പഠനം

പ്രവർത്തനം : 1

പേര് : ശാസ്ത്ര പഠനോപകരണ ശില്പ ശാല

ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾകിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

പ്രവർത്തനം : 2

പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്

ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3

പേര് : പരീക്ഷണകിറ്റ്

ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

Scanned with OKEN Scanner

പ്രവർത്തനം : **4**
പേര് : **പരീക്ഷണോത്സവം**
ഉപമേഖല : **ശാസ്ത്രാന്വേഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രവിഷയങ്ങളിലേക്കുള്ള താത്പര്യവും മനശാസ്ത്രപരമായ ഉത്സാഹവും വളർത്തുക. | ക്ലാസ്സ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ<br>ശാസ്ത്ര ക്ലബ് | 2000 |

## രസാലഹരി, മൊബൈൽ അഡിക്ഷൻ

പ്രവർത്തനം : **1**
പേര് : **ലഹരി :- രാസ ലഹരി, മൊബൈൽ അഡിക്ഷൻ**
ഉപമേഖല : **ശാരീരിക, മാനസിക ആരോഗ്യ ബോധവൽക്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക. | ബോധവൽക്കരണ ക്ലാസുകൾ, വീഡിയോകളിലൂടെ പ്രഭാഷണം, ഉപദേശകസംവാദങ്ങൾ, പോസ്റ്റർ നിർമ്മാണം, കടപ്പാട് പ്രകടനങ്ങൾ എന്നിവയുടെ വഴി വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | അധ്യായന തുടക്കത്തിൽ | ആരോഗ്യ വകുപ്പ്, പോലീസ് SITC | |
| | | | | |

Scanned with OKEN Scanner

# സാമൂഹികാവബോധം

പ്രവർത്തനം : 1
പേര് : അതിഥിയെ അറിയൽ
ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 2
പേര് : പ്രാദേശിക അറിവ്
ഉപമേഖല : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

പ്രവർത്തനം : 3
പേര് : ഫീൽഡ് ട്രിപ്പ്
ഉപമേഖല : പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

Scanned with OKEN Scanner

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1

പേര് : **വിവര സാങ്കേതിക വിദ്യയിൽ പരിശീലനം**

ഉപമേഖല : **അധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം : 2

പേര് : **I T ലാബ്**

ഉപമേഖല : **കമ്പ്യൂട്ടർ വിജ്ഞാനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

Scanned with OKEN Scanner

## പ്രവൃത്തി പരിചയം

പ്രവർത്തനം : 1
പേര് : പ്രവൃത്തി പരിചയശിൽപശാല
ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ നിർമ്മാണം ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 2
പേര് : പേപ്പർ ബാഗ് നിർമാണം
ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

പ്രവർത്തനം : 3
പേര് : ഒറിഗാമി
ഉപമേഖല : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഇതര വിഷവുമായി പഠനവുമായി പ്രവൃത്തിപ രിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേർസൺ | 2,000 |

Scanned with OKEN Scanner

# സർഗ വേദി

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

പ്രവർത്തനം : 2
പേര് : ടാലെന്റ് ലാബുകൾ
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഞാനൊന്നാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | 3000 |

പ്രവർത്തനം : 3
പേര് : പ്രകടന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG CT | |

Scanned with OKEN Scanner

## ആരോഗ്യ - കായിക - വിദ്യാഭ്യാസം

പ്രവർത്തനം : 1

പേര് : **കായികാരോഗ്യം**

ഉപമേഖല : **എയറോബിക്സ് എക്സെർസൈസസ്സ് ഫുട്ബോൾ കോച്ചിങ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് ക്യാമ്പ് , സ്കിപ്പിംഗ് പരിശീലനം , ബാറ്റ്മിന്റൺ ,അത്‌ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM<br>SRG<br>PTA | 10,000 |

പ്രവർത്തനം : 2

പേര് : **ഹെൽത്ത് ചെക്ക് അപ്പ്**

ഉപമേഖല : **ആര്യോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആര്യോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | 3,000 |

പ്രവർത്തനം : 3

പേര് : **കായിക വിദ്യാഭ്യാസം - അധ്യാപക ശിൽപശാല**

ഉപമേഖല : **അധ്യാപക ശാക്തീകരണം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീരിയഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000 |

Scanned with OKEN Scanner